File No.FWLD-A2/39/2019-FWLD

13873
14/8/19

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

മലയാറ്റൂർ കോടനാട് റെയിഞ്ച് - ഒ.ആർ.21/10, 22/10 നമ്പർ കേസുമായി ബന്ധപ്പെട്ട് വിരമിച്ച ഡെപ്യൂട്ടി റെയിഞ്ചർ ശ്രീ.എം.എം.മുഹമ്മദ് ഷാഫിക്കെതിരെയുള്ള അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.271/2019/വനം   തീയതി,തിരുവനന്തപുരം, 22/07/2019

---

പരാമർശം:- 1 ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 05.11.2015, 08.04.2019 എന്നീ തീയതികളിലെ ബി4-21993/10 നമ്പർ കത്ത്

2 സർക്കാരിന്റെ 23.04.2016, 31.07.2018 തീയതികളിലെ 14751/എ2/15/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

3 ശ്രീ.എം.എം.മുഹമ്മദ് ഷാഫിയുടെ 22.11.2018-ലെ പ്രതിവാദ പത്രിക.

<u>ഉത്തരവ്</u>

മലയാറ്റൂർ ഡിവിഷൻ മേക്കപ്പാല സ്റ്റേഷനിലെ ഒ.ആർ. 21/10, ഒ.ആർ. 22/10 എന്നീ കേസുകളിലെ പ്രതികളിൽ നിന്ന് പണം വാങ്ങി സർക്കാർ മുതൽ കടത്തുന്നതിന് കൂട്ടുനിന്നു എന്ന ആരോപണത്തിന്മേൽ ശ്രീ.എം.എം.മുഹമ്മദ് ഷാഫിക്കെതിരെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് തലത്തിൽ അച്ചടക്ക നടപടി ആരംഭിക്കുകയും കുറ്റപത്രം നൽകുകയും ചെയ്തു. കുറ്റപത്രത്തിലെ ചാർജ്ജുകൾ താഴെപ്പറയുന്നവയാണ്.

1. മലയാറ്റൂർ ഫോറസ്റ്റ് സ്റ്റേഷനിൽ മേക്കപ്പാല ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ കോട്ടപ്പാറ റിസർവ്വിൽ കയറ്റുവാ കാഞ്ഞിരപ്പാറ തുരുത്തിന് സമീപത്ത് നിന്ന് അനധികൃതമായി (അപൂർവ്വ ഇനത്തിൽപ്പെട്ട) ഈറ്റ ഇനത്തിൽപ്പെട്ട അമവെട്ടി നീക്കം ചെയ്യുന്നതിന് കൂട്ടുനിന്നു. തുടർന്ന് സർക്കാരിന് 6,000/- രൂപയുടെ നഷ്ടം സംഭവിച്ചു.

2. റിസർവ്വ് വനത്തിനകത്തുള്ള സ്റ്റേഷൻ പരിധിയിൽപ്പെടുന്ന പെരിയാർ പുഴയിൽ നിന്ന് അനധികൃതമായി മട്ടിക്കല്ലും മണലും നീക്കം ചെയ്യുന്നതിന് പ്രതികളുമായി ഗൂഢാലോചന നടത്തുകയും കൃത്യത്തിന് കൂട്ടുനിൽക്കുകയും യഥാസമയം മഹസ്സർ തയ്യാറാക്കാതെ പ്രതികളെ സംരക്ഷിക്കുകയും ചെയ്തു. അപ്രകാരം സർക്കാരിന് 9,000/- രൂപയുടെ നഷ്ടം സംഭവിച്ചു.

3. സർക്കാർ മുതൽ കൊള്ളയടിക്കുന്നതിന് ഒത്താശ ചെയ്തുകൊടുക്കുക വഴി സർക്കാർ ജീവനക്കാരന്റെ ഔദ്യോഗിക സ്ഥാനത്തിന്റെ മാന്യതയ്ക്ക് നിരക്കാത്ത വിധത്തിൽ പെരുമാറുകയും സർക്കാരിനെ കബളിപ്പിക്കുകയും ചെയ്തു.

4. മേലധികാരികളുടെ മുൻകൂർ അനുമതിയില്ലാതെ സ്റ്റേഷൻ വിട്ടുപോകുകയും കൃത്യമായി ജനറൽ ഡയറി എഴുതാതിരിക്കുകയും മേലധികാരികളുടെ നിർദ്ദേശം അവഗണിക്കുകയും ചെയ്തുവഴി സർക്കാർ ജോലിയിൽ കുറ്റകരമായ അനാസ്ഥയും ബോധപൂർവ്വമായ വീഴ്ചയും വരുത്തി.

2) തുടർന്ന് നടത്തിയ ഔപചാരിക അന്വേഷണത്തിൽ ടിയാനെതിരെയുള്ള 2-ാമത്തെ ആരോപണം മാത്രമാണ് തെളിയിക്കപ്പെട്ടിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ഒ.ആർ. 22/10 നമ്പർ കേസിലെ സർക്കാർ നഷ്ടമായ 9,000/- രൂപ മറ്റ് കുറ്റാരോപിതരായ അഞ്ച് പേരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണെന്നും 31.03.2011-ൽ സർവ്വീസിൽ നിന്നും വിരമിച്ച ഡെപ്യൂട്ടി റെയിഞ്ചർ ശ്രീ.മുഹമ്മദ് ഷാഫിയുടെ ആനുപാതിക സർക്കാർ നഷ്ടം ടിയാന്റെ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കാവുന്നതാണെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (1)ലെ 5.11.2015 തീയതിയിലെ കത്ത് പ്രകാരം ശുപാർശ ചെയ്തിരുന്നു.ആനുപാതിക സർക്കാർ നഷ്ടമായ 1800/- രൂപ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 നോട്ട് (2) പ്രകാരം ടിയാന്റെ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കുന്നതിലേയ്ക്കായി പരാമർശം (2)-ലെ 23.04.2016 തീയതിയിൽ കാരണം കാണിക്കൽ നോട്ടീസ് നൽകുകയുമുണ്ടായി.

3) എന്നാൽ ഇതു സംബന്ധിച്ച ശ്രീ.എം.എം.മുഹമ്മദ് ഷാഫിയിൽ നിന്നും വിശദീകരണം ലഭ്യമായിട്ടില്ലെന്നും, ടിയാന്റെ ഡി.സി.ആർ.ജി.യും പെൻഷൻ ആനുകൂല്യങ്ങളും നൽകിക്കഴിഞ്ഞതായും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) അറിയിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് കണക്കിലെടുത്ത് 2010 ൽ നടന്ന സംഭവം ആയതിനാൽ കേരള സർവ്വീസ് റൂൾസ് പാർട്ട് III റൂൾ 3 പ്രകാരം നടപടി സാധ്യമല്ലെന്ന് വിലയിരുത്തി കേരള സർവ്വീസ് റൂൾസ് പാർട്ട് III റൂൾ 59 (b) പ്രകാരം ടിയാന്റെ പെൻഷനിൽ നിന്നും 50 രൂപ വീതം സ്ഥിരമായി കുറവുചെയ്യാൻ തീരുമാനിക്കുകയും പരാമർശം (2)-ലെ 31.07.2018 തീയതിയിൽ പുതുക്കിയ കാരണം കാണിക്കൽ നോട്ടീസ് നൽകുകയുമുണ്ടായി.

4) പുതുക്കിയ കാരണം കാണിക്കൽ നോട്ടീസിനു പരാമർശം (3) പ്രകാരം ശ്രീ.എം.എം.മുഹമ്മദ് ഷാഫി സമർപ്പിച്ച പ്രതിവാദപത്രികയിൽ, ഈ കേസിലെ സർക്കാർ നഷ്ടമായ 9,000/- രൂപയിൽ ടിയാന്റെ ആനുപാതിക വിഹിതമായ 1,800/- രൂപ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കുന്നതിനു ഉത്തരവുണ്ടാകണമെന്ന് അപേക്ഷിച്ചിരുന്നു.

5) ശ്രീ.എം.എം.മുഹമ്മദ് ഷാഫി 2011 മാർച്ച് 31-ന് മൂന്നാർ ഡിവിഷനിൽ നിന്നും റിട്ടയർ ചെയ്തുവെന്നും ടിയാൻ പെൻഷൻപറ്റിപ്പിരിയുന്ന സമയത്ത് ടിയാന്റെ പേരിൽ വിവിധ ഡിവിഷനുകളിലായി അച്ചടക്ക നടപടി പൂർത്തീകരിക്കുവാൻ ഉണ്ടായിരുന്നതിനാൽ 10 % തുക (58,311/- രൂപ)

തടഞ്ഞുവച്ചതിന് ശേഷമാണ് മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഡി.സി.ആർ.ജി. നൽകിയിട്ടുണ്ടായിരുന്നത്.എന്നാൽ തടഞ്ഞുവച്ച തുക സംബന്ധിച്ച വിവരം അറിയിക്കുവാൻ വിട്ടുപോയിട്ടുള്ളതാണെന്നും, ആയത് മനഃപൂർവ്വമല്ലാത്ത വീഴ്ചയായി കണക്കാക്കി മാപ്പാക്കണമെന്നും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മൂന്നാർ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ സർക്കാർ നഷ്ടമായ 1,800/- രൂപ ശ്രീ.എം.എം.മുഹമ്മദ് ഷാഫിയുടെ ഡി.സി.ആർ.ജി.യിൽ നിന്ന് ഈടാക്കണമെന്നുള്ള ടിയാന്റെ അപേക്ഷ പരിഗണിക്കാവുന്നതാണെന്നും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (1)-ലെ 08.04.2019-ലെ കത്തു പ്രകാരം അറിയിച്ചു.

6)ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. കാരണം കാണിക്കൽ നോട്ടീസിനു ശ്രീ.എം.എം.മുഹമ്മദ് ഷാഫി സമർപ്പിച്ചിട്ടുള്ള പരാമർ ശം ( 3 ) പ്രകാരമുള്ള പ്രതിവാദപത്രികയിലെ അഭ്യർത്ഥനയും ആയതിന്മേൽ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ അഭിപ്രായവും പരിഗണിച്ച് ഈ വിഷയം സംബന്ധിച്ചുള്ള ആനുപാതിക സർക്കാർ നഷ്ടമായ 1,800/- രൂപ ടിയാന്റെ ഡി.സി.ആർ.ജി.-യിൽ നിന്നും ഈടാക്കി അച്ചടക്ക നടപടി തീർപ്പാക്കി ഇതിനാൽ ഉത്തരവു പുറപ്പെടുവിക്കുന്നു. ഇത് സംബന്ധിച്ച തുടർനടപടി ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് തലത്തിൽ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സത്യജിത് രാജന്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.എം.എം.മുഹമ്മദ് ഷാഫി, ഡെപ്യൂട്ടി റെയിഞ്ചർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by B.. K
Date: 2019.08.0.. ..:25:23 IST
Reason: Approved

സെക്ഷൻ ഓഫീസർ